**A**



# സമഗ്ര ശിക്ഷ, കേരളം
## പാദവാർഷിക മൂല്യനിർണയം 2018-19

ക്ലാസ് - 3

## പരിസരപഠനം

സമയം: 2 മണിക്കൂർ

കുട്ടിയുടെ പേര് ...............................................

വിദ്യാലയത്തിന്റെ പേര് ...............................................

ഡിവിഷൻ ...............................................

രക്ഷിതാവിന്റെ ഒപ്പ് ...............................................

അധ്യാപകന്റെ ഒപ്പ് ...............................................

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | ലഭിച്ച ഗ്രേഡ് |
|---|---|---|
| 1 | എന്തെല്ലാം ചെടികൾ | |
| 2 | ഓരോ തുള്ളിയും വിലപ്പെട്ടത് | |
| 3 | നിറമുള്ള പൂക്കൾ | |
| 4 | ജീവജലം | |
| 5 | പ്രകൃതിസംരക്ഷണം | |
| 6 | ഇരതേടാൻ | |
| | ഓവറോൾ ഗ്രേഡ് | |

**നിർദേശങ്ങൾ**

1. ആദ്യത്തെ 15 മിനിട്ട് ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കണം.
2. ആറ് പ്രവർത്തനങ്ങളിൽ ഏതെങ്കിലും അഞ്ചെണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.
3. തെരഞ്ഞെടുക്കുന്ന ചോദ്യങ്ങളുടെ എല്ലാ ഉപചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

## പ്രവർത്തനം 1 - എന്തെല്ലാം ചെടികൾ

കാഞ്ഞിരപ്പൊയിൽ സ്കൂളിലെ ജൈവ വൈവിധ്യ പാർക്ക് വിപുലീകരിക്കാൻ തീരുമാനിച്ചു. വിവിധ സ്ഥലങ്ങളിൽ നിന്ന് തുളസി, പ്ലാവ്, തേക്ക്, മുല്ല, പാവൽ, ചെമ്പരത്തി, റോസ്, പടവലം, മാവ്, മുള, വെണ്ട, വെള്ളരി, പയർ, മുരിങ്ങ, പേര എന്നിവയുടെ തൈകൾ കൊണ്ടുവന്നു.

**എ. എന്തൊക്കെയാണ് ഈ സസ്യങ്ങളുടെ പ്രത്യേകതകൾ എന്നാലോചിക്കൂ?**

പ്രത്യേകതകൾക്കനുസരിച്ച് തരംതിരിച്ചു പട്ടികയിലെഴുതുക.

| | | |
|---|---|---|
| | | |

ബി. പല പ്രത്യേകതകളുമുള്ള സസ്യമാണ് മുള. മുളയുടെ രണ്ടു പ്രത്യേകതകൾ എഴുതു.

സി. തന്നിരിക്കുന്നവയിൽ ഇലയും പൂവും കായും നാം ഭക്ഷണത്തിനായി ഉപയോഗിക്കുന്ന ഒരു സസ്യമുണ്ട്. ഏതാണത്?

എ) പയർ ബി) മുരിങ്ങ
സി) പടവലം ഡി) പേര

## പ്രവർത്തനം 2 – ഓരോ തുള്ളിയും വിലപ്പെട്ടത്



എ) ചിത്രം നിരീക്ഷിക്കൂ...

കടുത്ത വേനൽക്കാലത്തുണ്ടാകുന്ന അവസ്ഥയെ നാമെന്താണു വിളിക്കുന്നത്?

ബി) ഈ പ്രദേശത്തെ മനുഷ്യരുൾപ്പെടെയുള്ള ജീവജാലങ്ങൾക്ക് എന്തൊക്കെ പ്രയാസം നേരിടും?

സി. ഇങ്ങനെയൊരു സാഹചര്യം നിങ്ങളുടെ പ്രദേശത്ത് ഉണ്ടാകാതിരിക്കാൻ എന്തൊക്കെ കാര്യങ്ങളാണ് ശ്രദ്ധിക്കേണ്ടത്?

പ്രവർത്തനം 3 - നിറമുള്ള പൂക്കൾ



എ. പൂക്കൾക്ക് അനുയോജ്യമായ നിറം നൽകൂ..........

ബി. എന്തുകൊണ്ടാണ് നിങ്ങൾ ഈ നിറങ്ങൾ തെരഞ്ഞെടുത്തതെന്ന് എഴുതു.

സി. നിങ്ങൾക്കറിയാവുന്ന പൂക്കളെ താഴെപ്പറയുന്ന ക്രമത്തിൽ തരംതിരിക്കൂ.

| പലനിറത്തിൽ കാണപ്പെടുന്ന പൂക്കൾ | ഒരു നിറത്തിൽ മാത്രംകാണപ്പെടുന്ന പൂക്കൾ |
|---|---|
| ചെമ്പരത്തി | മുല്ല |
| • ........................................ | • ........................................ |
| • ........................................ | • ........................................ |
| • ........................................ | • ........................................ |
| • ........................................ | • ........................................ |

## പ്രവർത്തനം 4 - ജീവജലം

ജലം ശുദ്ധീകരിക്കാൻ ഇന്ന് പല മാർഗങ്ങൾ നിലവിലുണ്ട്. അതിൽ വളരെ ലളിതമായ ഒരു മാർഗമാണ് ചിത്രത്തിൽ.



എ. എന്താണിതിന്റെ പേര്?

ബി. ഇതിൽ ഏതു ക്രമീകരണമാണ് ശരി? ✓ചെയ്യുക




സി. നമ്മുടെ സ്കൂളിലെയും, വീടുകളിലെയും ജലം മലിനമാകുന്നതിന് പല കാരണങ്ങളുണ്ട്. അവ പരിഹരിക്കുന്നതിന് ചില നിർദേശങ്ങൾ കുറിക്കൂ.

പ്രവർത്തനം 5– പ്രകൃതിസംരക്ഷണം



എ) ചിത്രം നോക്കൂ. ലോറിയിൽ കൊണ്ടുവന്ന മണ്ണ് പാടത്ത് ഇടുന്നത് കണ്ടില്ലേ? ഇതിനോട് നിങ്ങൾ യോജിക്കുന്നുണ്ടോ? കാരണവും എഴുതുക.

ബി) പാടശേഖരം മണ്ണിട്ടു നികത്തുന്ന പ്രവൃത്തി തുടർന്നാൽ ഏതെല്ലാം ജീവികളെയാണ് ബാധിക്കുക? എങ്ങനെയൊക്കെ?

## പ്രവർത്തനം 6– ഇരതേടാൻ

എ) ഓരോ ജീവിക്കും അനുയോജ്യമായ ഭക്ഷണം ഏതെന്ന് കണ്ടെത്തി വരച്ചു യോജിപ്പിക്കൂ.










ബി) ഇര തേടുന്നതിന് എന്തെല്ലാം സവിശേഷതകളാണ് താഴെ പറയുന്ന ജീവികൾക്കുള്ളത്?

| | |
|---|---|
|  | |
|  | |

സി) ശരിയായ പ്രസ്താവന ഏത്?

എ) ഇരയെ പിടിക്കാനും കടിച്ചു കീറാനും സഹായിക്കുന്ന പരന്ന പല്ലുകളാണ് സിംഹത്തിനുള്ളത്.

ബി) ഓന്ത് ഇരപിടിക്കുന്നത് നാവ് ഉപയോഗിച്ചാണ് .

സി) പാമ്പുകൾ ഇരയെ ചവച്ചു തിന്നുന്നു.

ഡി) തുമ്പികൾ വലകെട്ടി ഇരകളെ കുടുക്കി ഭക്ഷിക്കുന്നു.